# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്-ലെറ്റുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1053

05.02.2020-ൽ മറുപടിയ്ക്ക്

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ

**ഉത്തരം**

ശ്രീ.ടി.പി.രാമകൃഷ്ണൻ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ബിവറേജസ് കോർപ്പറേഷന്റെ വില്പനകേന്ദ്രങ്ങളിൽ തിരക്ക നിയന്ത്രിക്കുവാൻ സുരക്ഷാജീവനക്കാർ ഇല്ലാത്തതിനാൽ ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഉണ്ടോ ; | എ) | തിരക്ക് നിയന്ത്രിക്കുന്നതിനും, മറ്റ് സുരക്ഷാ കാര്യങ്ങൾ പരിഗണിച്ചും സെക്യൂരിറ്റി ഏജൻസികൾ മുഖേന ആവശ്യമായ സെക്യൂരിറ്റി ഗാർഡുകളുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. |
| ബി) | നിലവിൽ ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട്-ലെറ്റുകളാണുള്ളത്; അതിന്റെ എണ്ണം കൂട്ടണമെന്ന് ബിവറേജസ് കോർപ്പറേഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | ബി) യും സി) യും | കോർപ്പറേഷന് നിലവിൽ 270 ചില്ലറ മദ്യവിൽപ്പനശാലകളുണ്ട്. അടച്ചുപൂട്ടിയതും റദ്ദാക്കിയതുമായ ഷോപ്പുകൾക്കുപകരമായും, ടൂറിസം കേന്ദ്രങ്ങളിൽ ചില്ലറ വില്പനശാലകളുടെ അഭാവം പരിഗണിച്ചും ചില്ലറ വില്പനശാലകളുടെ എണ്ണം കൂട്ടണമെന്ന് ബിവറേജസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ചില്ലറ വിൽപ്പനശാലകളുടെ എണ്ണം കൂട്ടുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |
| സി) | പുതിയ മദ്യനയം പ്രഖ്യാപിക്കുമ്പോൾ ബിവറേജസ് കോർപ്പറേഷന്റെ അഭ്യർത്ഥനയ്ക്ക് അനുകൂലമായ തീരുമാനം എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര പുതിയ ഔട്ട്-ലെറ്റുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ